(ഡി) റീസർവ്വേ പ്രവർത്തനത്തിനായി ഇതുവരെ എന്ത് തുക ചെലവായിട്ടുണ്ട്;

(ഇ) റീസർവ്വേ പ്രവർത്തനത്തിനായി ആധുനിക സർവ്വേ ഉപകരണങ്ങൾ ഉപയോഗിക്കുന്നുണ്ടോ;

(എഫ്) സർവ്വേ പൂർത്തികരിച്ച വില്ലേജുകളുടെ സർവ്വേ മാപ്പുകൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)*:

(എ) സംസ്ഥാനത്ത് 24242.11 ച.കി.മീ. സ്ഥലം റീസർവ്വേ ചെയ്തു കഴിഞ്ഞിട്ടുണ്ട്.

(ബി) 703 വില്ലേജുകളിൽ

(സി) 771 വില്ലേജുകളിൽ

(ഡി) 37,092.03 ലക്ഷം രൂപ

(ഇ) ഉണ്ട്. ആധുനിക ഉപകരണങ്ങളായ ടോട്ടൽ സ്റ്റേഷൻ, ജി. പി. എസ്., കമ്പ്യൂട്ടർ, സോഫ്റ്റ് വെയർ എന്നിവ ഉപയോഗിക്കുന്നുണ്ട്.

(എഫ്) ഉണ്ട്.

നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി

*8 [611] *ശ്രീ. എ. സുജനപാൽ:*
,, *എം. എം. ഹസ്സൻ:*
,, *വർക്കല കഹാർ:*
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീമതി ശോഭനാ ജോർജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നിശ്ചിത സമയത്ത് പൂർത്തിയാകാത്തതിനുള്ള കാരണങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്നറിയിക്കുമോ;

(സി) സമയബന്ധിതമായി പണി തീർക്കാത്തപക്ഷം ബന്ധപ്പെട്ട കോൺട്രാക്ടർമാർ പിഴയടക്കണമെന്ന വ്യവസ്ഥ കരാറുകളിൽ ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശമുണ്ടോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

മരാമത്തു വകുപ്പുമന്ത്രി *(ശ്രീ. എം. കെ. മുനീർ):*

(എ) ആവശ്യമായ സ്ഥലം ലഭിക്കാതിരുക്കുക, ഇലക്ട്രിക് പോസ്റ്റ്, ടെലിഫോൺ ലൈൻ, പൈപ്പ് ലൈൻ എന്നിവ മാറ്റുന്നതിനുള്ള കാലതാമസം, ടാറിന്റെ ലഭ്യതക്കുറവ്, ഫണ്ടിന്റെ അഭാവം, കാലവർഷത്തിന്റെ ദൈർഘ്യം, കരാറുകാരുടെ നിസ്സഹരണം എന്നീ കാരണങ്ങൾ കൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ നിശ്ചിത സമയത്ത് പൂർത്തിയാക്കാൻ കഴിയാതെ വരാറുണ്ട്.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ നിശ്ചിത കാലയളവിൽ പൂർത്തിയാക്കുവാൻ എഗ്രിമെന്റിൽ വ്യവസ്ഥയുണ്ട്. നിശ്ചിത കാലാവധി കഴിഞ്ഞും പൂർത്തിയാക്കാതെ വരികയാണെങ്കിൽ പിഴയീടാക്കി കാലയളവ് നീട്ടിക്കൊടുക്കാറുണ്ട്. ഇതു കഴിഞ്ഞിട്ടും പൂർത്തിയാക്കാതെ വരികയാണെങ്കിൽ കരാറുതന്നെ റദ്ദാക്കുകയും സർക്കാരിനു സംഭവിച്ച നഷ്ടം റവന്യൂ റിക്കവറിമൂലം ഈടാക്കും. കരാറുകാരന്റെ ബാദ്ധ്യതയിൽത്തന്നെ പണി റീ അറേഞ്ച് ചെയ്യുകയും ചെയ്യാറുണ്ട്. കൂടാതെ ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ച്, സ്ഥലം ലഭ്യമാക്കുന്നതിനും ഇലക്ട്രിക് പോസ്റ്റ്, ടെലിഫോൺ/പൈപ്പ് ലൈനുകൾ സമയബന്ധിതമായി മാറ്റുന്നതിനും നടപടികൾ എടുത്തു വരുന്നു.

(സി) പിഴയടക്കണമെന്ന വ്യവസ്ഥ നിലവിലുണ്ട്.

ഐ. റ്റി. അറ്റ് സ്കൂൾ പദ്ധതിയിൽ അദ്ധ്യാപകർക്ക് പരിശീലനം

*9 [612] *ഡോ. തോമസ് ഐസക്:*

ശ്രീ. കെ. രാധാകൃഷ്ണൻ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. റ്റി. അറ്റ് സ്കൂൾ പദ്ധതിയിൽ അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) പ്രസ്തുത പരിശീലനം നൽകുന്നതിനുള്ള ചുമതല ആർക്കാണ്; എത്ര അദ്ധ്യാപകർക്ക് ഇതിനകം പരിശീലനം നൽകിയിട്ടുണ്ട്;

(സി) പരിശീലനം നൽകുന്നതിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ ഏവ;

(ഡി) ഐ. റ്റി. പാഠ്യ പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത് ഏത് കമ്പനിയാണ്; പരിശീലനത്തിൽ പങ്കെടുത്ത അദ്ധ്യാപകരുടെ ഹാജർ പരിശോധിക്കുന്നതിന് ഈ കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ഇ) പരിശീലനത്തിന് ഉപയോഗിക്കുന്ന കമ്പ്യൂട്ടറുകൾക്ക് എന്ത് നിരക്കിലാണ് വാടക നൽകുന്നത്; സ്കൂളുകളിൽ നിലവിലുള്ള കമ്പ്യൂട്ടറുകൾ പരിശീലനത്തിന് ഉപയോഗിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly